# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നന്നംമുക്ക് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം 16/1490/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 01/07/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നന്നംമുക്ക് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നന്നംമുക്ക് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നന്നംമുക്ക് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം 16/1490/2022 തീയ്യതി: 01/07/2022

## മലപ്പുറം ജില്ലയിലെ നന്നംമുക്ക് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ നന്നംമുക്ക് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 26-02-2021 മുതൽ 21-06-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 28-06-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 22-06-2022 | 28-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-06-2022 | 28-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പ്രസാദ്. പി, ഓഡിറ്റ് ഓഫീസർ
ശ്രീ. മൂസ. ഇ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. യൂസഫ്. പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ഷ്രീ. ഷജീർ. കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. സുജിത. പി. ക, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.അബ്ദുൾകരീം | പ്രസിഡന്റ് | 01-04-2020 | 16-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 17-11-2020 | 29-12-2020 |
| ശ്രീമതി. മിസിരിയ സൈഫുദ്ദീൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.മണികണ്ഠൻ.ടി | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ബിന്ദു ഫ്രാൻസിസ് | അസി.സെക്രട്ടറി | 01-04-2020 | 14-06-2020 |
| ശ്രീ. ആന്റോ സി ഒ | അസി.സെക്രട്ടറി | 15-06-2020 | 10-02-2021 |
| ശ്രീ. ബിനേഷ് സി | അസി.സെക്രട്ടറി | 11-02-2021 | 19-02-2021 |
| ശ്രീ. ഫ്രെഡി ജോസ് കെ | അസി.സെക്രട്ടറി | 20-02-2021 | 31-03-2021 |
| ശ്രീമതി . വൃന്ദ കെ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ അജിത്ത്കുമാർ വി | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2020 | 31-03-2021 |
| ഡോ പ്രസന്നകുമാരി എൻ ബി | മെഡിക്കൽ ഓഫീസർ( ഹോമിയോ) | 01-04-2020 | 31-05-2020 |
| ഡോ. ജയ പി വി | മെഡിക്കൽ ഓഫീസർ( ഹോമിയോ) | 01-06-2020 | 27-01-2021 |
| ഡോ.ജസീല സി എച്ച് | മെഡിക്കൽ ഓഫീസർ( ഹോമിയോ) | 28-01-2021 | 31-03-2021 |
| ഡോ നീമ വേണുഗോപാൽ | മെഡിക്കൽ ഓഫീസർ( പിഎച്ച്.സി) | 01-04-2020 | 05-11-2020 |
| ഡോ സിൻസി കെ | മെഡിക്കൽ ഓഫീസർ( പിഎച്ച്.സി) | 06-11-2020 | 31-03-2021 |
| ശ്രീ.അബ്ദുൾ ജലീൽ പി ഇ | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീ.രജീഷ് പി.എം. | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീ.ജയദേവൻ പി എൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി. മുബീന എം കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 30-10-2020 |
| ശ്രീമതി.കൃഷ്ണജ ടി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 31-10-2020 | 31-03-2021 |

| | | | |
|---|---|---|---|
| ഡോ.സ്മിജിഷ എ എസ് | വെറ്ററനറി സർജൻ | 01-04-2020 | 30-09-2020 |
| ഡോ. നസീറ എ പി | വെറ്ററനറി സർജൻ | 01-10-2020 | 31-03-2021 |
| ശ്രീമതി. സീമന്തിനി എം കെ | ഹെഡ് മിസ്ട്രസ് | 01-04-2020 | 30-04-2020 |
| ശ്രീമതി. വിനീതകുമാരി | ഹെഡ് മിസ്ട്രസ് | 01-05-2020 | 31-03-2021 |

## ഉള്ളടക്കം

| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sujitha.P.K (Auditor, On 26-06-2022)<br>Last Updated By: Sujitha.P.K (Auditor, On 26-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Sujitha.P.K (Auditor, On 26-06-2022)<br>Last Updated By: Sujitha.P.K (Auditor, On 26-06-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Sujitha.P.K (Auditor, On 26-06-2022)<br>Last Updated By: Unni.P (Deputy Director, On 01-07-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം(ACR പ്രകാരം)<br>Written By: Sujitha.P.K (Auditor, On 26-06-2022)<br>Last Updated By: Unni.P (Deputy Director, On 01-07-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Sujitha.P.K (Auditor, On 26-06-2022)<br>Last Updated By: Sujitha.P.K (Auditor, On 26-06-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sujitha.P.K (Auditor, On 26-06-2022)<br>Last Updated By: Sujitha.P.K (Auditor, On 27-06-2022) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Sujitha.P.K (Auditor, On 26-06-2022)<br>Last Updated By: Sujitha.P.K (Auditor, On 26-06-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Sujitha.P.K (Auditor, On 26-06-2022)<br>Last Updated By: Sujitha.P.K (Auditor, On 27-06-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Sujitha.P.K (Auditor, On 26-06-2022)<br>Last Updated By: Unni.P (Deputy Director, On 01-07-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sujitha.P.K (Auditor, On 26-06-2022)<br>Last Updated By: Sujitha.P.K (Auditor, On 26-06-2022) | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Shajeer.K (Senior Grade Auditor, On 28-06-2022)<br>Last Updated By: Unni.P (Deputy Director, On 01-07-2022) | 1-11 |
| 12 | അംഗൻവാടി പോഷകാഹാരം - ന്യൂട്രിമിക്സ് - ജി എസ് ടി - ടി ഡി എസ് ഈടാക്കിയില്ല<br>Written By: Sujitha.P.K (Auditor, On 28-06-2022)<br>Last Updated By: Unni.P (Deputy Director, On 01-07-2022) | 1-12 |
| 13 | ഭക്ഷ്യ ധാന്യം വിതരണം ചെയ്തിട്ടില്ല<br>Written By: Sujitha.P.K (Auditor, On 28-06-2022)<br>Last Updated By: Sujitha.P.K (Auditor, On 28-06-2022) | 1-13 |
| 14 | സിമന്റ് പ്ലാസ്റ്ററിങ് -അധിക തുക നൽകി<br>Written By: E.Moosa (Asst. Audit Officer, On 28-06-2022)<br>Last Updated By: E.Moosa (Asst. Audit Officer, On 28-06-2022) | 1-14 |
| 15 | സിമന്റ് പ്ലാസ്റ്ററിങ് -അധിക തുക നൽകി<br>Written By: E.Moosa (Asst. Audit Officer, On 28-06-2022)<br>Last Updated By: Unni.P (Deputy Director, On 01-07-2022) | 1-15 |
| 16 | പെയിന്റിങ് പ്രവൃത്തി -അധിക തുക നൽകി<br>Written By: E.Moosa (Asst. Audit Officer, On 28-06-2022)<br>Last Updated By: Unni.P (Deputy Director, On 01-07-2022) | 1-16 |
| 17 | ജനൽ കമ്പി - അധിക നിരക്ക് നൽകി<br>Written By: E.Moosa (Asst. Audit Officer, On 28-06-2022)<br>Last Updated By: Unni.P (Deputy Director, On 01-07-2022) | 1-17 |

| | | |
|---|---|---|
| 18 | പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല<br>Written By: E.Moosa (Asst. Audit Officer, On 28-06-2022)<br>Last Updated By: Unni.P (Deputy Director, On 01-07-2022) | 1-18 |
| 19 | തെരുവ് വിളക്ക് മെയിന്റനൻസ് പ്രവൃത്തി അപാകതകൾ<br>Written By: Yousuf.P (Asst. Audit Officer, On 28-06-2022)<br>Last Updated By: Unni.P (Deputy Director, On 01-07-2022) | 1-19 |
| 20 | സർക്കാർ ഉത്തരവിന് വിരുദ്ധമായി കെയ്കോവിൽ നിന്നും നടീൽ വസ്തുകൾ വാങ്ങി.<br>Written By: Prasad (Audit Officer, On 28-06-2022)<br>Last Updated By: Unni.P (Deputy Director, On 01-07-2022) | 1-20 |
| 21 | സ്പോർട്ട്സ് അക്കാഡമി-അപാകതകൾ.<br>Written By: Prasad (Audit Officer, On 28-06-2022)<br>Last Updated By: Unni.P (Deputy Director, On 01-07-2022) | 1-21 |
| 22 | അനുബന്ധ രേഖകൾ ലഭ്യമാക്കിയിട്ടില്ല<br>Written By: Yousuf.P (Asst. Audit Officer, On 28-06-2022)<br>Last Updated By: Unni.P (Deputy Director, On 01-07-2022) | 1-22 |
| 23 | സാക്ഷരതാ പ്രേരക് ഓണറേറിയം-തിരികെ ലഭ്യമാക്കേണ്ടതാണ്.<br>Written By: Yousuf.P (Asst. Audit Officer, On 29-06-2022)<br>Last Updated By: Unni.P (Deputy Director, On 01-07-2022) | 1-23 |
| 24 | ILGMS ൽ ലഭ്യമാക്കിയ ഓഡിറ്റേഴ്സ് ലോഗിൻ വഴി നടത്തിയ പരിശോധനാ റിപ്പോർട്ട് .<br>Written By: Shajeer.K (Senior Grade Auditor, On 30-06-2022)<br>Last Updated By: Unni.P (Deputy Director, On 01-07-2022) | 1-24 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ജനൽ കമ്പി - അധിക നിരക്ക് നൽകി<br>Written By: E.Moosa (Asst. Audit Officer, On 28-06-2022)<br>Last Updated By: E.Moosa (Asst. Audit Officer, On 28-06-2022) | 3-1 |
| 2 | പെയിന്റിങ് പ്രവൃത്തി - അധിക നിരക്ക് നൽകി<br>Written By: E.Moosa (Asst. Audit Officer, On 28-06-2022)<br>Last Updated By: Unni.P (Deputy Director, On 01-07-2022) | 3-2 |
| 3 | സിമന്റ് പ്ലാസ്റ്ററിങ് - അധിക തുക നൽകി<br>Written By: E.Moosa (Asst. Audit Officer, On 28-06-2022)<br>Last Updated By: Unni.P (Deputy Director, On 01-07-2022) | 3-3 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Sujitha.P.K (Auditor, On 26-06-2022)<br>Last Updated By: Sujitha.P.K (Auditor, On 26-06-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sujitha.P.K (Auditor, On 26-06-2022)<br>Last Updated By: Sujitha.P.K (Auditor, On 26-06-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sujitha.P.K (Auditor, On 26-06-2022)<br>Last Updated By: Sujitha.P.K (Auditor, On 28-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sujitha.P.K (Auditor, On 26-06-2022)<br>Last Updated By: Sujitha.P.K (Auditor, On 26-06-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Sujitha.P.K (Auditor, On 26-06-2022)<br>Last Updated By: Sujitha.P.K (Auditor, On 27-06-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |

| | | |
|---|---|---|
| | Written By: Sujitha.P.K (Auditor, On 26-06-2022)<br>Last Updated By: Sujitha.P.K (Auditor, On 26-06-2022) | |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Sujitha.P.K (Auditor, On 26-06-2022)<br>Last Updated By: Sujitha.P.K (Auditor, On 26-06-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Sujitha.P.K (Auditor, On 26-06-2022)<br>Last Updated By: Sujitha.P.K (Auditor, On 26-06-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Sujitha.P.K (Auditor, On 26-06-2022)<br>Last Updated By: Sujitha.P.K (Auditor, On 26-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം.<br>Written By: Sujitha.P.K (Auditor, On 26-06-2022)<br>Last Updated By: Unni.P (Deputy Director, On 01-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Sujitha.P.K (Auditor, On 26-06-2022)<br>Last Updated By: Unni.P (Deputy Director, On 01-07-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| 2020-21 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| 1(2) തീ.27.03.2020 | 2(1) തീ.17.02.2021 |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2021 | 22.06.2022 | --- | ----- |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 14207736 |
| വരവ് | 76291676.5 |
| ആകെ | 90499412.5 |
| ചെലവ് | 77788515 |
| നീക്കിയിരിപ്പ് | 12710897.50 |

## 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 10320013 | 10320013 | 10320002 | 11 |
| വികസനഫണ്ട് എസ്.സി.പി. | 0 | 8433617 | 8433617 | 6699118 | 1734499 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 11603000 | 11603000 | 11598478 | 4522 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3670496 | 3670496 | 2856130 | 814366 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied ) | 0 | 10147652 | 10147652 | 6889975 | 3257677 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied ) | 0 | 4960000 | 4960000 | 2823531 | 2136469 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 212 | 116487821 | 164 | 61952456 | 0 | 48 | 77.35 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 76733 | 611176 | 687909 | 677660 | 10249 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 26528253 | 26528253 | 26528253 | 0 |
| ആകെ | 76733 | 27139429 | 27216162 | 27205913 | 10249 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച | ഗുണഭോക്താക്കളുടെ |
|---|---|---|

| | തുക | എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 7200 | 10 |
| കർഷകതൊഴിലാളി പെൻഷൻ | 4091800 | 1614 |
| വിധവാപെൻഷൻ | 19386700 | 7398 |
| വാർദ്ധക്യകാലപെൻഷൻ | 32108600 | 12590 |
| വികലാംഗപെൻഷൻ | 5403700 | 2128 |
| വിവാഹ ധനസഹായം | 270000 | 9 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1000900 | 380 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.6.2022 ന് 10.15 AM മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 17045/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. ഡെപ്പോസിറ്റ് രജിസ്റ്ററിൽ വാർഷിക സംഗ്രഹം തയ്യാറാക്കിയിട്ടില്ല.

2.ലോൺ രജിസ്റ്റർ കാലികമല്ല

3.Advance രജിസ്റ്ററിൽ വാർഷിക സംഗ്രഹം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
4.സ്ഥാപനത്തിന്റെ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
5.സ്റ്റോക്ക് രജിസ്റ്റർ, സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ എന്നിവയിൽ എല്ലാ വിവരങ്ങളും രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.
6. ICDS സൂപ്പർവൈസർ പ്രോജക്ട് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.06.2022 | ജനുവരി,ഫെബ്രുവരി, മാർച്ച്-2022 | ലഭിച്ചിട്ടില്ല |
| എ.ജി ഓഡിറ്റ് | 19.05 2010 മുതൽ 01.06.2010 വരെ | 2005-2006 മുതൽ 2009-2010 വരെ | 03.07.2010 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

2020-21 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. 2020-21 വർഷത്തെ AFS (40-b) പ്രകാരമുള്ള, താഴെ സൂചിപ്പിക്കുന്ന അക്കൗണ്ടുകളുടെ Closing Balance ന് , Bank Statement ൽ നിന്നുമുള്ള വ്യത്യാസം റീകൺസിലിയേഷൻ നടത്തിയതിന്റെ വിവരം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

| അക്കൗണ്ട് | AFS പ്രകാരം | Bank Statement പ്രകാരം |
|---|---|---|
| Own Fund(6946) | 10247491.50 | 10776381.50 |

| | | |
|---|---|---|
| Treasury (0799) | 146697 | 141397 |
| SBI (9173) | 786688 | 785932 |
| Treasury (TP-35) | 14801 | സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല. |
| CPFA (VPFA 12) | 13744 | സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല. |

2. MGNREGS ഭരണ ചെലവുകൾക്കുള്ള വരവ് MGNREGS രജിസ്റ്റർ പ്രകാരം 610512 രൂപയാണ്. എന്നാൽ ആയത് വാർഷിക കണക്ക് പ്രകാരം 611176 ആണ്.

3. രജിസ്റ്റർ പ്രകാരമുള്ള താഴെ തന്നിരിക്കുന്ന ഡെപ്പോസിറ്റ് തുകകൾ വാർഷികകണക്കിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | AFS പ്രകാരം | രജിസ്റ്റർ പ്രകാരം |
|---|---|---|
| Bidders EMD | 96865 | 66120 |
| Other Deppposit | 5000 | 744 |
| Election Deppposit | 88500 | 93500 |

4. ഡെപ്പോസിറ്റ് രജിസ്റ്ററിൽ വാർഷിക സംഗ്രഹം തയ്യാറാക്കിയിട്ടില്ല.

5. KURDFC ലോൺ -RP-31 പ്രകാരം തൻ വർഷ വരവ് 2060,000 രൂപയും അടവാക്കാൻ അവശേഷിക്കുന്ന തുക B-5 പ്രകാരം 19152,000 രൂപയാണ്. എന്നാൽ ആയതിന്റെ വിശദാംശങ്ങൾ ലോൺ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

6. B-4 പ്രകാരമുള്ള എല്ലാ തുകകൾക്കും പ്രത്യേകം എ.സി.ആർ. സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

7. പ്രതിമാസ റീകൺസിലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

8.Advance രജിസ്റ്ററിൽ വാർഷിക സംഗ്രഹം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

9. ആസ്തികളുടെ Deppreciation – Calculation Sheet പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

10.2020-21 വർഷത്തെ ഡി&ഒ ലൈസൻസ് യഥാർഥ ഡിമാന്റ് 145600 (62100+83500) ആണ്. എന്നാൽ ആയത് I4(b) പ്രകാരം 146100 ആണ്.

11. 2019-20 വർഷത്തെ വസ്തു നികുതി DCB സ്റ്റേറ്റ്മെന്റ് സാക്ഷ്യപ്പെടുത്തി പരിശോധനക്ക് ഹാജരാക്കാത്തതിനാൽ വസ്തു നികുതിയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ പരിശോധിക്കാനായിട്ടില്ല.

12. വാർഷിക കണക്കിലെ RP-30 പ്രകാരമുള്ള വരവ് തുക (6264471.50) തൊട്ടടുട്ട പൂർണ്ണ സംഖ്യയിലേക്ക് റൗണ്ട് ചെയ്തിട്ടില്ല.

13.ബാങ്ക് ബുക്കുകൾ, സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

14. സ്ഥാപനത്തിന്റെ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

15. വിവാഹ ധനസഹായമിനത്തിൽ 2,70,000/- രൂപ ചെലവഴിച്ചത് I-14(d)യിൽ ഉൾപ്പെടുത്തിയിട്ടില്ല.

16.ലോണിനത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ 1,93,52,000/- രൂപ അടവാക്കാൻ ബാക്കിയുണ്ട്. എന്നാൽ AFS B-5 പ്രകാരം 1,91,52,000/- രൂപയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

17) ILGMS നടപ്പിലാക്കിയ തീയതിയിലെ (04-10-2020) കണക്കുകൾ താഴെ പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| Schedule | Sankhya | ILGMS |
|---|---|---|
| Grants & Contribution For Specific Purpose | 7833360(B-4) | 7179836 (B-4) |
| Other Liabilities ( Sundry Creditors) | 1033580 (B-9) | 1687104 (B-9) |
| Fixed Assets | 66191857 (B-11) | 314128 (B-11) |

Past Data Entry ചെയ്തതിന്റെ വർക്ക് ഷീറ്റ് (ഫയൽ) പഞ്ചായത്ത് തയ്യാറാക്കി സൂക്ഷിക്കാത്തതിനാൽ വിശദാംശങ്ങൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല .

18) ILGMS നടപ്പിലാക്കിയ തിയ്യതിയിലെ സാംഖ്യ പ്രകാരമുള്ള ആകെ വരവ് 45272182 ആണ്. എന്നാൽ ILGMS ൽ പ്രസ്തുത തിയ്യതിയിലെ ലെ വരവായി ഉൾപ്പെടുത്തിയിരിക്കുന്നത് 45558891 ആണ്. 286709 രൂപയുടെ വ്യത്യാസമുണ്ട്. ആയതിന് വിശദീകരണം നൽകേണ്ടതാണ്. ഓഡിറ്റ് എൻക്വയറിക്ക് (10/28-06-2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-12 അംഗൻവാടി പോഷകാഹാരം - ന്യൂട്രിമിക്സ് - ജി എസ് ടി - ടി ഡി എസ് ഈടാക്കിയില്ല

നിർവഹണോദ്യോഗസ്ഥൻ- ഐ.സി.ഡി.എസ് സൂപ്പർവൈസർ
പ്രൊജക്ട് നമ്പർ, പേര് : 16/21, അനുപൂരക പോഷകാഹാരം (ജനറൽ)

അടങ്കൽ : 2500000 ( കേന്ദ്രാവിഷ്കൃത ഫണ്ട് - 1500000, തനത് ഫണ്ട്-1000000)

ചെലവ് തുക : 2278708 ( കേന്ദ്രാവിഷ്കൃത ഫണ്ട് - 1423823, തനത് ഫണ്ട്-854885)

മേൽ പ്രോജക്ട് പ്രകാരം ന്യൂട്രിമിക്സ് വാങ്ങൽ, മാവേലി സ്റ്റോർ ഭക്ഷ്യധാന്യം വാങ്ങൽ, കടത്ത് കൂലി നൽകൽ എന്നിവക്ക് ചെലവഴിച്ച തുകകളിൽ ചുവടെ ചേർക്കുന്ന ബില്ലുകൾ പ്രകാരം മമത അമൃതം ഫുഡ് സപ്ലിമെന്ററി യൂണിറ്റ് , പിടാവന്നൂർ എന്ന സ്ഥാപനത്തിൽ നിന്ന് ന്യൂട്രിമിക്സ് വാങ്ങിയതിന് 1207632/- രൂപ ചെലവഴിച്ചിട്ടുണ്ട്. നികുതി ഒഴികെയുള്ള പർച്ചേസ് തുക 2,50,000 രൂപയിൽ അധികരിക്കുമ്പോൾ ജി എസ് ടി - ടി ഡി എസ് പിടിക്കേണ്ടതാണ്(GST Act Section 51(1)). എന്നാൽ ചുവടെ ചേർക്കുന്ന ബില്ലുകൾക്ക് പേയ്മെന്റ് നടത്തിയപ്പോൾ ജി എസ് ടി - ടി ഡി എസ് ഈടാക്കിയിട്ടില്ല.

| ക്രമ നം | ഇൻവോയ്സ് നമ്പർ / തിയ്യതി | ന്യൂട്രിമിക്സിന്റെ വില | ജി എസ് ടി @ 5% | ഈടാക്കേണ്ടിയിരുന്ന ജി എസ് ടി - ടി ഡി എസ് @ 2% | വൗച്ചർ നമ്പർ/തിയ്യതി |
|---|---|---|---|---|---|
| 1 | 35/08.05.2020 | 304599 | 15230 | 6092 | 22000269/30.06.2020 |
| 2 | 32/08.04.2020 | 130585 | 6529 | 2611.7 | 22000242/22.06.2020 |
| 3 | 47/06.03.2020 | 130585 | 6529 | 2611.7 | |
| 4 | 38/11.06.2020 | 193200 | 9660 | 3864 | 22000471/04.09.2020 |
| 5 | 41/10.07.2020 | 200935 | 10047 | 4018.7 | |
| 6 | 47/22.09.2020 | 247728 | 12386 | 4954.5 | 22000013/09.10.2020 |
| ആകെ | | 1207632 | 60381 | 24152.6 | |

അപാകതക്ക് വിശദീകരണം ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി (എൻക്വയറി നം.8/27.06.2022) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. തുക നൽകിയ സ്ഥാപനം ജി എസ് ടി അടവാക്കിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതും ഭാവിയിൽ ജി എസ് ടി - ടി ഡി എസ് ഈടാക്കി തുക നൽകാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-13 ഭക്ഷ്യ ധാന്യം വിതരണം ചെയ്തിട്ടില്ല

പ്രൊജക്ടിന്റെപേര് : അനുപൂരക പോഷകാഹാരം -എസ് സി
നിർവഹണോദ്യോഗസ്ഥൻ: ഐ സി ഡി എസ് സൂപ്പർവൈസർ

പ്രൊജക്ട് നം :18/21

അടങ്കൽ : 300000 (വികസന ഫണ്ട് എസ് സി പി - 300000 )

ചെലവ് തുക : 300000
BRN No.20151252037200224004/03.06.2020-3,00,000/-

അനുപൂരക പോഷകാഹാരം - എസ് സി പദ്ധതിയിൻ കീഴിൽ ചങ്ങരംകുളം സപ്ലൈകോ സൂപ്പർമാർക്കറ്റിൽ നിന്നും ഇഷ്യു നോട്ട് നം. 1003105/192935 തീ.14.03.2020 പ്രകാരം അംഗനവാടികളിലേയ്ക്ക് വാങ്ങിയ നുറുക്ക് ഗോതമ്പ് വിതരണം ചെയ്തതായി കാണുന്നില്ല.വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | തൂക്കം | തുക |
|---|---|---|
| നുറുക്ക് ഗോതമ്പ് | 2436 കി.ഗ്രാം/53.86രൂപ | 131203 |

ലഭ്യമായ ഭക്ഷ്യ ധാന്യം മുഴവൻ വിതരണം ചെയ്യാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (എൻക്വയറി നം.13/28.06.2022) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാകുന്നതു വരെ ചെലവു തുക 131203/- തടസ്സം ചെയ്യുന്നു.

## 1-14 സിമന്റ് പ്ലാസ്റ്ററിങ് -അധിക തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പിടാവന്നൂർ നഴ്സറിക്ക് മുകളിൽ എസ്.സി. കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം എന്ന പ്രവൃത്തിയുടെ ഇനം 18 ആയി 213.74$m^2$ സിമന്റ് പ്ലാസ്റ്ററിങ് ചെയ്ത തിന് കരാറുകാരന്

തുക നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി യഥാർത്ഥത്തിൽ ചെയ്തത് 178.12 $m^2$ മാത്രമാണ്.

പ്രവൃത്തിയുടെ ആകെ അളവ് കണക്കാക്കിയപ്പോൾ ജനൽ , വാതിൽ എന്നീ ഓപ്പൺ സ്പെയ്സ് അളവ് മുഴുവൻ കുറവ് ചെയ്യാതിരുന്നത് കാരണമാണ് അധിക തുക നൽകാനിടയായത്. 28.6.2022 ന് ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ പ്രവൃത്തി നേരിൽ സന്ദർശിച്ചപ്പോൾ ഇക്കാര്യം വ്യക്തമായി. സ്ഥല പരിശോധന റിപ്പോർട്ടിൽ ഇക്കാര്യം അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്. അധിക തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | യഥാർത്ഥ അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|---|
| 1 | പിടാവന്നൂർ നഴ്സറിക്ക് മുകളിൽ എസ്.സി. കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം ( 153/21)<br>ഫൈനൽ ബിൽ 3/20.4.2020 തുക 176579<br>കരാർ 4/28.7.2018<br>പുതുക്കിയ സാങ്കേതികാനുമതി 1350000<br>ആകെ മൂല്യ നിർണ്ണയം 1138200<br>അളവ് പുസ്തകം 145/17-18, 172/17-18, 189/17-18<br>കോൺട്രാക്ടർ ശ്രീ.ഷാലു. ടി.വി<br>DSR2016കോസ്റ്റ് ഇൻഡക്സ് 37.25% | 178.12 $m^2$ | 42748<br>@200/$m^2$<br>213.74$m^2$ | 35624<br>@200/$m^2$<br>178.12 $m^2$ | 7124 |

| കുറവ് ചെയ്യാൻ വിട്ട് പോയ അളവ് |
|---|
| എൻട്രൻസ് 2*3.03*2.13= 12.91 |
| മൂന്ന് കള്ളി ജനൽ 2*3*1.47*1.35= 11.91 |
| രണ്ട് കള്ളി ജനൽ 2*4*1*1.35= 10.8 |
| ആകെ 35.62 |

ഓഡിറ്റ് എൻക്വയറി 15 /2020-21/28.6.2022 നൽകിയതിന് - അധിക തുക ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. അധികം നൽകിയ തുക പ്രവൃത്തിയുടെ ബിൽ അളവെടുത്ത അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## 1-15 സിമന്റ് പ്ലാസ്റ്ററിങ് -അധിക തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം രണ്ടാം ഘട്ടം (196/21) എന്ന പ്രവൃത്തിയുടെ ഇനം 15 ആയി 952.48$m^2$ സിമന്റ് പ്ലാസ്റ്ററിങ് ചെയ്തതിന് കരാറുകാരന് തുക നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി യഥാർത്ഥത്തിൽ ചെയ്തത് 887.55$m^2$ മാത്രമാണ്.

അളവ് പുസ്തകം 123/17-18 പേജ് 60 ൽ പ്ലാസ്റ്ററിങ് പ്രവൃത്തി ചെയ്തതായി രേഖപ്പെടുത്തിയ 771.68$m^2$ എന്ന അളവിന് പകരം 836.61$m^2$ എന്ന് രേഖപ്പെടുത്തി തുക നൽകിയത് കാരണമാണ് അധിക തുക നൽകാനിടയായത്. ആകെ അളവിൽ നിന്ന് വാൾ ടൈയിൽ ചെയ്ത ഭാഗം 64.93$m^2$ കുറവ് ചെയ്ത് അനുവദനീയമായ അളവ് 771.68$m^2$ എന്ന് അളവെടുത്ത് അസിസ്റ്റന്റ് എഞ്ചിനീയർ പേജ് 60 ൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. (അളവ് പുസ്തകം 113/17-18പേജ് 2പ്രകാരം 115.87$m^2$ പ്രവൃത്തി കൂടി ചെയ്തിട്ടുണ്ട്. ) അധിക തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | യഥാർത്ഥ അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|---|
| 1 | പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം രണ്ടാം ഘട്ടം (196/21) | 887.55$m^2$ | 237865<br>@250/$m^2$ | 221888<br>@250/$m^2$ | 15977 |

| | | | | | |
|---|---|---|---|---|---|
| | ഫൈനൽ ബിൽ ചെക്ക് 1594052/18.9.2020 തുക 657719<br>കരാർ 43/13.12.2017<br>അളവ് പുസ്തകം 44/19-20, 190A/19-20, 113/17-18, 123/17-18, 80/17-18, 139/17-18, 190-17-18<br>കോൺട്രാക്ടർ ശ്രീ M.വേലായുധൻ<br>കോസ്റ്റ് ഇൻഡക്സ് 37.25% | | 932.329 @250/m2 20.151 @237.37/m2 | 887.55$m^2$ | |

ഓഡിറ്റ് എൻക്വയറി 9 /2020-21/28.6.2022 നൽകിയതിന് - അധിക തുക ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. അധികം നൽകിയ തുക പ്രവൃത്തിയുടെ ബിൽ തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## 1-16 പെയിന്റിങ് പ്രവൃത്തി -അധിക തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ അംഗൻവാടികളുടെ സംരക്ഷണം (126/21) എന്ന പ്രവൃത്തിയുടെ ഇനം 5 ആയി അംഗൻവാടിയുടെ ചുമർ ടെക്സ്ചേർഡ് എക്സ്റ്റീരിയർ പെയിന്റിങ് - DSR കോഡ് 13.45.1 - പ്രവൃത്തി ചെയ്തതായി കാണിച്ച് കരാറുകാരന് തുക നൽകിയിട്ടുണ്ട്. എന്നാൽ 28.6.2022 ന് ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ പ്രവൃത്തി നേരിൽ സന്ദർശിച്ചപ്പോൾ ചുമരിൽ എമൽഷൻ പെയിന്റിങ് DSR കോഡ് 13.60.1-ആണ് ചെയ്തിട്ടുള്ളത് എന്ന വ്യക്തമായി. സ്ഥല പരിശോധന റിപ്പോർട്ടിൽ ഇക്കാര്യം അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്. ഈ ഇനത്തിൽ അധികം നൽകിയ തുക കരാറുകാരനിൽ നിന്ന് ഈടാക്കേണ്ടതാണ്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം (12% GST അടക്കം) |
|---|---|---|---|---|---|
| 1 | അംഗൻവാടികളുടെ സംരക്ഷണം (126/21)<br>ബിൽ 67/12.2.2021 തുക 185891<br>കരാർ 44/9.10.2020 (6.99% കുറവ്)<br>അളവ് പുസ്തകം 49/20-21,<br>കോൺട്രാക്ടർ ശ്രീ രാഗിൽ നാഥ്.വി.ജി<br>കോസ്റ്റ് ഇൻഡക്സ് 31.06% | 180.34 $m^2$ | 33118<br>@183.64/$m^2$<br>6.99% ടെണ്ടർ കുറവിന് ശേഷം എസ്റ്റിമേറ്റ് പ്രകാരം നിരക്ക് 197.44/$m^2$ | 18564<br>@102.94/$m^2$<br>6.99% ടെണ്ടർ കുറവിന് ശേഷം DSR കോഡ് 13.60.1 പ്രകാരം നൽകാവുന്ന നിരക്ക് 110.68/$m^2$ | 16300 (14554x112%) |

ഓഡിറ്റ് എൻക്വയറി 14 /2020-21/28.6.2022 നൽകിയതിന് - അധിക തുക ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. അധികം നൽകിയ തുക പ്രവൃത്തിയുടെ അളവെടുത്ത അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 1-17 ജനൽ കമ്പി - അധിക നിരക്ക് നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം രണ്ടാം ഘട്ടം (196/21) എന്ന പ്രവൃത്തിയുടെ ഇനം 25 ആയി മരം കൊണ്ടുള്ള ജനൽ ഫ്രയിമിൽ ഫ്ലാറ്റ്, എം എസ് റൗണ്ട് എന്നിവ സ്ഥാപിച്ചതിന് DSR 9.48.2 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. ഇത് വെൽഡിങ് പ്രവൃത്തികൾ ഉൾപെടുന്ന നിരക്കാണ്. എന്നാൽ ഇവിടെ ചെയ്ത പ്രവൃത്തിയിൽ വെൽഡിങ് ആവശ്യമില്ലാത്തതായതിനാൽ DSR 14.29 പ്രകാരമുള്ള നിരക്കാണ് അനുവദിച്ച് നൽകേണ്ടത്. അധിക നിരക്ക് നൽകിയതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

അല്ലാത്തപക്ഷം ചുവടെ കാണും പ്രകാരം അധിക തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|---|
| 1 | പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം രണ്ടാം ഘട്ടം (196/21)<br>ഫൈനൽ ബിൽ ചെക്ക് 1594052/18.9.2020 തുക 657719<br>കരാർ 43/13.12.2017<br>അളവ് പുസ്തകം 44/19-20, 190A/19-20, 113/17-18, 123/17-18, 80/17-18, 139/17-18, 190-17-18<br>കോൺട്രാക്ടർ ശ്രീ M.വേലായുധൻ<br>കോസ്റ്റ് ഇൻഡക്സ് 37.25% | 550.58Kg | 77081<br>@140/Kg<br>9.29% ടെണ്ടർ കുറവിന് ശേഷം. എസ്റ്റിമേറ്റ് പ്രകാരം നിരക്ക് 154.34/Kg | 42362<br>@76.94/Kg<br>9.29% ടെണ്ടർ കുറവിന് ശേഷം. DSR കോഡ് 14.29 പ്രകാരം നിരക്ക് 84.82/Kg | 34719 |

കുറിപ്പ്.

പിടാവന്നൂർ നഴ്സറിക്ക് മുകളിൽ എസ്.സി. കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം ( 153/21) എന്ന പ്രവൃത്തിയിൽ ജനൽ കമ്പിക്ക് DSR 14.29 പ്രകാരമുള്ള നിരക്കാണ് നൽകിയത്.

ഓഡിറ്റ് എൻക്വയറി 6 /2020-21/27.6.2022 നൽകിയതിന് അധികം നൽകിയ തുക ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. അധികം നൽകിയ തുക പ്രവൃത്തിയുടെ എസ്റ്റിമേറ്റ് അളവെടുത്ത അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## 1-18 പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തികൾ നിശ്ചിത സമയത്തിനകം പൂർത്തീകരിച്ചിട്ടില്ല. നിശ്ചിത സമയത്തിനകം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് നിയമാനുസൃതം ഈടാക്കേണ്ട പിഴ മുഴുവൻ ഈടാക്കാതെയാണ് ബിൽ തുക കരാറുകാർക്ക് നൽകിയിട്ടുള്ളത്.

GO(P) 13/2012/PWD/01-02-2012 പ്രകാരമുള്ള കേരള പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2005, 2112 എന്നിവ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാർ AE മുഖേന കരാർ കാലാവധി തീരുന്നതിന് മുമ്പായി, അപേക്ഷിക്കേണ്ടതും നിർവ്വഹണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ തീരുമാനമെടുത്ത് പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25 % ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതുമാണ്. കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, കരാറുകാർ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും പ്രസ്തുത അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1 % പിഴ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25 % വരെ (പരമാവധി 6 മാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, 2 % പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50 % ൽ അധികരിക്കാവുന്നതല്ല. തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷനൽ ചീഫ് സെക്രട്ടറിയുടെ 18.08.2018 ലെ എ.സി 2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ മൂന്ന് മാസക്കാലയളവിന് ഒരു ശതമാനം നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസത്തിനും 2% നിരക്കിലും ഈടാക്കണമെന്നാണ് നിർദേശിച്ചിട്ടുള്ളത്.

പ്രവൃത്തി ഒരു മാസത്തിനകം പൂർത്തിയാക്കണമെന്ന് കാണിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ 01/PW/AE/LSGD/NMK/2019-20 തീയ്യതി 7 .5.2019 നമ്പറായി കത്തയച്ചതായി ഫയലിൽ ഉണ്ട്. എന്നാൽ പ്രവൃത്തി നിശ്ചിത സമയത്തും പൂർത്തീകരിച്ചിരുന്നില്ല.

ഓഡിറ്റ് എൻക്വയറി 7/2020-21/27.6.2022 നൽകിയതിന് തുക ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | ഈടാക്കേണ്ട പിഴ |
|---|---|---|
| 1 | പിടാവന്നൂർ നഴ്സറിക്ക് മുകളിൽ എസ്.സി. കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം ( 153/21)<br>ഫൈനൽ ബിൽ 3/20.4.2020 തുക 176579<br>കരാർ 4/28.7.2018<br>തുക – 1354500<br>പുതുക്കിയ സാങ്കേതികാനുമതി 1350000<br>ആകെ മൂല്യ നിർണ്ണയം 1138200<br>അളവ് പുസ്തകം 145/17-18, 172/17-18, 189/17-18<br>കോൺട്രാക്ടർ ശ്രീ.ഷാലു. ടി.വി<br>DSR2016കോസ്റ്റ് ഇൻഡക്സ് 37.25%<br>പൂർത്തീകരണ കാലാവധി 8മാസം<br>സ്ഥലം കൈമാറിയത് 6.8.2018<br>പൂർത്തീകരിക്കേണ്ട തീയ്യതി 5.4.2019<br>പൂർത്തീകരിച്ച തീയ്യതി 28.2.2020 | 6.4.2019-5.7.2019 (1%)<br>13545<br>6.7.19-5.10.2019 (2%)<br>27090<br>6.10.19-5.1.2020 (2%)<br>27090<br>6.1.20-27.2.20(2%)<br>15953<br>ആകെ 83678 |

പിഴ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-19 തെരുവ് വിളക്ക് മെയിന്റനൻസ് പ്രവൃത്തി അപാകതകൾ

തെരുവ് വിളക്ക് സ്ഥാപിക്കലും റിപ്പയറിംഗുമായി പട്ടികയിലെ പ്രൊജക്റ്റുകൾ നടപ്പിലാക്കിയിട്ടുണ്ട്.

| പ്രൊജക്ട് | ബിൽ നം./തീ | തുക | റിമാർക്സ് |
|---|---|---|---|
| 13/21,തെരുവ് വിളക്ക് റിപ്പയർ | 2200763754/ 24.11.20 | 4,39,550 | ഫണ്ട് : (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>കരാറുകാരൻ: പവർ എക്സൽ ഇലക്ട്രോണിക് (പി) കമ്പനി ലി.,ചങ്ങരംകുളം |
| | 2200935365/ 13.01.21 | 90,270 | |
| | 2201133685/ 23.02.21 | 25,960 | |
| | 2201132088/ 22.03.21 | 1,81,720 | |
| | ആകെ | 7,37,500 | |
| 157/21,പുതിയ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 2200130193/ 11.4.20 | 99,666 | ഫണ്ട് : (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>കരാറുകാരൻ: നന്നംമുക്ക് പഞ്ചായത്ത് മാർക്കറ്റിംഗ് കോ-ഓപ്പ് സൊസൈറ്റി |
| 156/21,തെരുവ് വിളക്ക് റിപ്പയർ | 2200130192/ 15.5.20 | 1,26,997 | ഫണ്ട് : (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>കരാറുകാരൻ: നന്നംമുക്ക് പഞ്ചായത്ത് മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി |

15.9.2011ലെ 3055/ഡി.എ.3/2011/ത.സ്വ.ഭ.വ നമ്പർസർക്കുലർ പ്രകാരം അംഗീകൃത ഇലക്ട്രിക്കൽ കരാറുകാരിൽ നിന്ന് ക്വട്ടേഷൻ/ടെണ്ടർ നടപടി സ്വീകരിച്ച് മാത്രമെ തെരുവ് വിളക്ക് പരിപാലനം നടത്താവൂ എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. 29.5.2018ലെ 269/ഡി.എ.3/2018ത.സ്വ.ഭ.വ സർക്കുലർ പ്രകാരം 2011ലെ സർക്കുലർ കർശനമായി പാലിക്കാൻ നിർദ്ദേശിച്ചിട്ടുള്ളതുമാണ്.

നടപ്പിലാക്കിയ പ്രസ്തുത പ്രൊജക്റ്റുകൾ സംബന്ധിച്ച രേഖകൾ പരിശോധിച്ച വേളയിൽ താഴെ കൊടുത്ത

അപാകതകൾ ശ്രദ്ധയിൽ പെട്ടു.

അപാകതകൾ:-

1.അംഗീകൃത ഇലക്ട്രിക്കൽ കരാറുകാരാണ് എന്ന് തെളിയിക്കുന്ന രേഖ ചേർത്തുവെച്ചിട്ടില്ല.

2.കെ.എസ്.ഇ.ബി.സൂപ്പർ വിഷൻ സാക്ഷ്യപത്രം ഇല്ല.

3.സ്ഥാപനം/കമ്പനിയിൽ നിന്ന് 2% ആദായ നികുതി TDS പിടിക്കണം.1% നിരക്കിലാണ് പിടിച്ചിരിക്കുന്നത്.

4.ജി.എസ്.ടി.-ടി.ഡി.എസ്. നടത്തിയിട്ടില്ല.

അപാകതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ച് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം.16/ 28.06.2022)നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.
രേഖകൾ ലഭ്യമാക്കുന്നത് വരെ 9,64,163 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 1-20 സർക്കാർ ഉത്തരവിന് വിരുദ്ധമായി കെയ്കോവിൽ നിന്നും നടീൽ വസ്തുകൾ വാങ്ങി.

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതികൾ പ്രകാരം നടീൽ വസ്തുകൾ കെയ്കോവിൽ നിന്നും വാങ്ങിയിട്ടുണ്ട്. സർക്കാർ ഉത്തരവ് (സാധാ)നം.2881/2019/ത.സ.ഭ.വ. തിയ്യതി 18.12.2019 പ്രകാരം കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ (കെയ്കോ) സ്വന്തമായി ഉത്പാദിപ്പിക്കുന്ന കാർഷിക ഉപകരണങ്ങളും സാധന സാമഗ്രികളും മാത്രം ടെണ്ടർ കൂടാതെ വാങ്ങാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നല്കിയിട്ടുള്ളത്. മേൽ ഉത്തരവിൽ നടീൽ വസ്തുകൾ ടെണ്ടർ കൂടാതെ വാങ്ങാൻ അനുമതി നല്കിയിട്ടില്ല.

| പദ്ധതിയുടെ പേരും നമ്പറും | ഇൻവോയ്സ് നം. | ഇൻവോയ്സ് തുക | ബിൽ നം. |
|---|---|---|---|
| ഫലവൃക്ഷ തൈ വിതരണം പ്രോജക്ട് നം.229/20-21<br>അടങ്കൽ - 266000/-<br>ചെലവ് 266000/-<br>200000/- (വികസന ഫണ്ട്)<br>66000/- (ഗ്ര.വി) | Invoice No. W.227/20-21/ 20.03.21<br>534/യൂണിറ്റ് വിവിധതരം ഫല വൃക്ഷ തൈകൾ 500/-രൂപ നിരക്കിൽ ആകെ 267000/-രൂപയ്ക്ക് വാങ്ങി | 267000 | 200000/-<br>47/20-21 /29.03.21<br>66000/-<br>Vr.No.22000448/ 08/01/21 |
| വാഴക്കന്ന് വിതരണം<br>പ്രോജക്ട് നം. 118/20-21<br>അടങ്കൽ -200000/-<br>ചെലവ്-200000/-<br>111782/-(വികസന ഫണ്ട്)<br>88218/-(തനതു ഫണ്ട്) | Invoice No. W008/20-21/ 21.07/2020<br>11111 എണ്ണം വാഴകന്നുകൾ 18/-രൂപ നിരക്കിൽ ആകെ 200000/- രൂപയ്ക്ക് വാങ്ങി | 200000 | 111782/-<br>8/20-21 /17.09.2020<br>88218/-<br>Vr.No.22000510/ 17.09.2020 |
| പച്ചക്കറി വിത്ത് വിതരണം<br>പ്രോജക്ട് നം. 71/20-21<br>അടങ്കൽ -100000/- | Invoice No. W.198/20-21/ 09.02.2021<br>500 എണ്ണം പച്ചക്കറി വിത്ത് | 100000/- | 100000/-<br>46/20-21 /28.03.21 |

| | | | |
|---|---|---|---|
| 100000/-(വികസന ഫണ്ട്) | 200/-രൂപ നിരക്കിൽ 500/-എണ്ണം 100000/-രൂപയ്ക്ക് വാങ്ങി | | |
| | | 567000 | |

പച്ചക്കറിവിത്ത്/നടീൽ വസ്തുകൾ കെയ്കോവിൽ നിന്നും വാങ്ങാൻ ഉത്തരവ് ഉണ്ടെങ്കിൽ ആയത് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്_എന്നാവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് അന്വേഷണം നം.5/20-21 തിയ്യതി 25.06.2022) 26.06.2022ന് ലഭിച്ച മറുപടിയിൽ നടീൽ വസ്തുകൾ ടെണ്ടർ കൂടാതെ വാങ്ങാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതിയുണ്ട് എന്ന കരുതിയാണ് നടീൽ വസ്തുകൾ വാങ്ങിയതെന്ന് നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചു.പദ്ധതി നിർവ്വഹണത്തിൽ സർക്കാർ നിർദ്ദേശം കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-21 സ്പോർട്ട്സ് അക്കാഡമി-അപാകതകൾ.

| | |
|---|---|
| പ്രൊജക്ടിന്റെ പേരും നമ്പറും | സ്പോർട്ട്സ് അക്കാഡമി<br>(പ്രൊജക്റ്റ് നം. SO.210/2020-21) |
| നിർവ്വഹണോദ്യോഗസ്ഥ | ഹെഡ്മിസ്ട്രസ് |
| അടങ്കൽ | 120000/- |
| ചെലവ് | 120000/-(തനതു ഫണ്ട്<br>Vr.No.22000065/19.11.2020 |

2019-20സാമ്പത്തിക വർഷത്തെ സ്പിൽ ഓവർ പ്രൊജക്ടാണിത്.മേൽ പ്രോജക്റ്റ് പ്രകാരം 120000/-രൂപ 2019 സാമ്പത്തിക വർഷം ഏപ്രിൽ മുതൽ മാർച്ച് വരെ P.C.N.G.H.S.S., മൂക്കുതലയിൽ വിദ്യാർത്ഥികൾക്ക് കായിക പരിശീലനം നല്കിയതിന് ഹോണോറിയമായി ശ്രീ കുമാരൻ.ടി.വി.യ്ക്ക് നല്കിയിട്ടുണ്ട്.

സ.ഉ.(കൈ)നം.22/2018/14.02.2018 ഉത്തരവ് ഖണ്ഡിക 7.3.2ൽ ജില്ലാപഞ്ചായത്തുകളുടേയും നഗര ഭരണ സ്ഥാപനങ്ങളുടേയും ചുമതലയുള്ള സ്കൂളുകളിൽ കായിക അദ്ധ്യപകരില്ലെങ്കിൽ കരാറടിസ്ഥാനത്തിൽ പരമാവധി ഒരു അദ്ധ്യായന വർഷം 10 മാസക്കാലയളവിലേക്ക് പ്രതിമാസം 10000/-രൂപ നിരക്കിൽ ബി.പി.എഡ്/എം.പി.എഡ്/തത്തുല്യ യോഗ്യതയുള്ളവരെ നിയോഗിക്കാവുന്നതാണ്. ശ്രീ.കുമാരൻ ടി.വിയ്ക്ക് മേൽ യോഗ്യത ഉള്ളതായി കാണുന്നില്ല. 10മാസത്തെ കായിക പരിശീലനത്തിന് അനുമതി ഉള്ളപ്പോൾ 12മാസം പരിശീലനം നല്കുകയും ഹോണറേറിയം നല്കുകയുമുണ്ടായി. മാത്രവുമല്ല ഗ്രാമ പഞ്ചായത്തുകൾക്ക് മേൽ പറഞ്ഞ പദ്ധതി നടപ്പിലാക്കാവുന്നതുമല്ല. പ്രസ്തുത ഉത്തരവ് 7.3 വിദ്യാഭ്യാസം ഖണ്ഡിക 7.3.3 കായിക ക്ഷമത-എൽ.പി.എസ്.കുട്ടികളിൽ - കായിക ക്ഷമത പദ്ധതികൾ നടപ്പിലാക്കേണ്ടത് ക്ലാസ് ടീച്ചറുടെ സാന്നിദ്ധ്യത്തിൽ സ്കൂൾ പി.റ്റി.പിരിയഡിൽ കമ്മ്യൂണിറ്റി സ്പോർട്ട്സ് ലീഡേഴ്സിന്റെ/സ്പോർട്ട്സ് അക്കാദമിയുടെ സഹായത്തോടെ പ്രത്യേകമായി രൂപകല്പന ചെയ്ത ഉപകരണങ്ങളും സ്പോർട്ട്സ് ഉപകരണങ്ങളും ഉപയോഗിച്ച് ചെയ്യാവുന്നതാണെന്നാണ് നിർദ്ദേശിക്കുന്നത്. മേൽ ഉത്തരവ് പ്രകാരമുള്ള പരിശീലനമാണോ വിദ്യാർത്ഥികൾക്ക് നല്കിയതെന്ന് നിർവ്വഹണോദ്യാഗസ്ഥ ലഭ്യമാക്കിയ ഫയലിൽ നിന്നും ലഭ്യമല്ല. പരിശീലകൻ കമ്മ്യൂണിറ്റി സ്പോർട്ട്സ് ലീഡേഴ്സ്/സ്പോർട്ട്സ് അക്കാദമിയുമായി എന്നീ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വ്യക്തിയാണെന്ന് വ്യക്തമല്ല. എൽ.പി.സ്കൂളുകളിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നല്കാതെ ഹയർ സെക്കന്ററി സ്കൂളിൽ (P.C.N.G.H.S.S., മൂക്കുതലയിൽ) വെച്ചാണ് പരിശീലനം നല്കിയത്. മേൽ അപാകതകൾക്കുള്ള വിശദീകരണം ഓഡിറ്റ് റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതാണ്.

## 1-22 അനുബന്ധ രേഖകൾ ലഭ്യമാക്കിയിട്ടില്ല

നിർവ്വഹണം : സെക്രട്ടറി

പട്ടികയിലെ പദ്ധതികൾക്ക് നേരെ കാണിച്ച ചെലവുകൾ സംബന്ധിച്ച് റിമാർക്സ് കോളത്തിൽ പരാമർശിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| പ്രോജക്റ്റ് | ബിൽ/ചെക്ക് നം.തിയ്യതി | തുക | ഫണ്ടിനം | റിമാർക്സ് |
|---|---|---|---|---|
| 166/21,പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ പൈപ്പ് ലൈൻ | 2200130190/ 11.4.20 | 2,80,000 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | വാട്ടർ അതോറിറ്റിയിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |
| | 2200130189/ 11.4.20 | 90,000 | | |
| 102/21,ശുചിത്വ മഹത്വം സുജീവിതം | 2201427663/ 29.3.21 | 3,51,786 | ബ്ലോ.പ. വിഹിതം | സബ് വൗച്ചറുകൾ ചേർത്ത് വച്ചിട്ടില്ല |
| ആകെ | | 7,21,786 | | |

രേഖകൾ ഹാജരാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം.11/ 28.06.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ലഭ്യമാക്കുന്നത് വരെ 7,21,786 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 1-23 സാക്ഷരതാ പ്രേരക് ഓണറേറിയം-തിരികെ ലഭ്യമാക്കേണ്ടതാണ്.

ചെക്ക് നം/തീയതി : 382386/ 24.3.21 : 15,360/-

ചെക്ക് നം/തീയതി : 382387/ 24.3.21 : 16,896/-

കേരള സംസ്ഥാന സാക്ഷരതാ മിഷനിലെ സാക്ഷരതാ പ്രേരക്മാരുടെ 2020 ഡിസംബർ മുതലുള്ള ഓണറേറിയം സാക്ഷരതാ മിഷൻ പിന്നീട് പ്രസ്തുത തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരികെ നൽകണമെന്ന വ്യവസ്ഥയോടെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് 26.02.21ലെ സ.ഉ(സാധാ) 626/2021/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

ആയത് പ്രകാരം ജില്ലാ കുടുംബശ്രീ മിഷൻ മലപ്പുറത്തിന്റ 16.3.20ലെ C4-PH/100/DLM/21 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ രണ്ട് പ്രേരക്മാർക്ക് ഡിസംബർ,ജനുവരി മാസങ്ങളിലെ ഓണറേറിയം മുകളിൽ കൊടുത്ത ചെക്ക് മുഖേന നൽകിയിട്ടുണ്ട്.

നൽകിയ ഓണറേറിയത്തിന്റെ വിവരം അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പാക്കാനായിട്ടില്ല. തുക തിരികെ ലഭിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുമില്ല.[ഓഡിറ്റ് എൻക്വയറി (നം.18/ 28.06.2022)]

തുക തിരികെ ലഭിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരവും അഡ്വാൻസ് വിവരം രേഖപ്പെടുത്താത്തത് സംബന്ധിച്ച് കാരണവും ലഭ്യമാക്കേണ്ടതാണ്.

## 1-24 ILGMS ൽ ലഭ്യമാക്കിയ ഓഡിറ്റേഴ്സ് ലോഗിൻ വഴി നടത്തിയ പരിശോധനാ റിപ്പോർട്ട് .

ILGMS ലെ ഓഡിറ്റേഴ്സ് ലോഗിനിൽ ആവശ്യമായതും നിലവിൽ ലഭ്യമല്ലാത്തതുമായ പ്രിവിലേജുകൾ സംബന്ധിച്ച വിശദാംശം താഴെ ചേർക്കുന്നു.

A) മാന്വൽ രശീതികളുടെ സ്റ്റോക്ക്, ഔട്ട്ഡോർ കളക്ഷനുകളുടെ പോസ്റ്റിങ് പരിശോധന സംവിധാനം

B) അകൗണ്ടുകളുടെ പാസ്ബുക്ക് ബാങ്ക് ബുക്കുമായി നടത്തിയ റീ-കൺസിലിയേഷൻ പരിശോധിക്കുന്നതിന് ബാങ്ക് അക്കൗണ്ട് പാസ്ബുക്ക് (സ്റ്റേറ്റ്മെന്റ്) .

C) ഇന്ററെപ്റ്റഡ് രസീതി റിപ്പോർട്ട്.

D) വൗച്ചർ ലിസ്റ്റ്.

E)വൗച്ചർ/ബിൽ നമ്പർ അടിസ്ഥാനപ്പെടുത്തി ഫയൽ സേർച്ച് ചെയ്യുന്നതിനുള്ള സംവിധാനം.

F)ചെക്ക് /ഡിമാന്റ് ഡ്രാഫ്റ്റ് രജിസ്റ്റർ.

G) അനുവദിച്ച മാന്വൽ രശീതികളുടെ സ്റ്റോക്ക് വിവരം.

ILGMS മായി ബന്ധപ്പെട്ട പരിശോധനയിൽ മേൽ റിപ്പോർട്ടുകൾ ലഭ്യമാക്കാത്തത് ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ജനൽ കമ്പി - അധിക നിരക്ക് നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം രണ്ടാം ഘട്ടം (196/21) എന്ന പ്രവൃത്തിയുടെ ഇനം 25 ആയി മരം കോണ്ടുള്ള ജനൽ ഫ്രയിമിൽ ഫ്ലാറ്റ്, എം എസ് റൗണ്ട് എന്നിവ സ്ഥാപിച്ചതിന് DSR 9.48.2 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. ഇത് വെൽഡിങ്ങ് പ്രവൃത്തികൾ ഉൾപെടുന്ന നിരക്കാണ്. എന്നാൽ ഇവിടെ ചെയ്ത പ്രവൃത്തിയിൽ വെൽഡിങ് ആവശ്യമില്ലാത്തതായതിനാൽ DSR 14.29 പ്രകാരമുള്ള നിരക്കാണ് അനുവദിച്ച് നൽകേണ്ടത്. അധിക നിരക്ക് നൽകിയതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ചുവടെ കാണും പ്രകാരം അധിക തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|---|
| 1 | പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം രണ്ടാം ഘട്ടം (196/21)<br>ഫൈനൽ ബിൽ ചെക്ക് 1594052/18.9.2020 തുക 657719<br>കരാർ 43/13.12.2017<br>അളവ് പുസ്തകം 44/19-20, 190A/19-20, 113/17-18, 123/17-18, 80/17-18, 139/17-18, 190-17-18<br>കോൺട്രാക്ടർ ശ്രീ M.വേലായുധൻ<br>കോസ്റ്റ് ഇൻഡക്സ് 37.25% | 550.58Kg | 77081<br>@140/Kg<br>9.29% ടെണ്ടർ കുറവിന് ശേഷം. എസ്റ്റിമേറ്റ് പ്രകാരം നിരക്ക് 154.34/Kg | 42362<br>@76.94/Kg<br>9.29% ടെണ്ടർ കുറവിന് ശേഷം. DSR കോഡ് 14.29 പ്രകാരം നിരക്ക് 84.82/Kg | 34719 |

കുറിപ്പ്.

പിടാവന്നൂർ നഴ്സറിക്ക് മുകളിൽ എസ്.സി. കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം ( 153/21) എന്ന പ്രവൃത്തിയിൽ ജനൽ കമ്പിക്ക് DSR 14.29 പ്രകാരമുള്ള നിരക്കാണ് നൽകിയത്.

ഓഡിറ്റ് എൻക്വയറി 6 /2020-21/27.6.2022 നൽകിയതിന് അധികം നൽകിയ തുക ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. അധികം നൽകിയ തുക പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

### 3-2 പെയിന്റിങ് പ്രവൃത്തി - അധിക നിരക്ക് നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ അംഗൻവാടികളുടെ സംരക്ഷണം (126/21) എന്ന പ്രവൃത്തിയുടെ ഇനം 5 ആയി അംഗൻവാടിയുടെ ചുമർ ടെക്സ്ചേർഡ് എക്സ്റ്റീരിയർ പെയിന്റിങ് - DSR കോഡ് 13.45.1 - പ്രവൃത്തി ചെയ്തതായി കാണിച്ച് കരാറുകാരന് തുക നൽകിയിട്ടുണ്ട്. എന്നാൽ 28.6.2022 ന് ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ പ്രവൃത്തി നേരിൽ സന്ദർശിച്ചപ്പോൾ ചുമരിൽ എമൽഷൻ പെയിന്റിങ് DSR കോഡ് 13.60.1-ആണ് ചെയ്തിട്ടുള്ളത് എന്ന വ്യക്തമായി. സ്ഥല പരിശോധന റിപ്പോർട്ടിൽ ഇക്കാര്യം അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്. ഈ ഇനത്തിൽ അധികം നൽകിയ തുക കരാറുകാരനിൽ നിന്ന് ഈടാക്കേണ്ടതാണ്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം (12% GST |
|---|---|---|---|---|---|

| | | | | | അടക്കം) |
|---|---|---|---|---|---|
| 1 | അംഗൻവാടികളുടെ സംരക്ഷണം (126/21)<br>ബിൽ 67/12.2.2021 തുക 185891<br>കരാർ 44/9.10.2020 (6.99% കുറവ്)<br>അളവ് പുസ്തകം 49/20-21,<br>കോൺട്രാക്ടർ ശ്രീ രാഗിൽ നാഥ്.വി.ജി<br>കോസ്റ്റ് ഇൻഡക്സ് 31.06% | 180.34 $m^2$ | 33118<br>@183.64/$m^2$<br>6.99% ടെണ്ടർ കുറവിന് ശേഷം എസ്റ്റിമേറ്റ് പ്രകാരം നിരക്ക് 197.44/$m^2$ | 18564<br>@102.94/$m^2$<br>6.99% ടെണ്ടർ കുറവിന് ശേഷം DSR കോഡ് 13.60.1 പ്രകാരം നൽകാവുന്ന നിരക്ക് 110.68/$m^2$ | 16300 (14554x112%) |

ഓഡിറ്റ് എൻക്വയറി 14 /2020-21/28.6.2022 നൽകിയതിന് - അധിക തുക ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. അധികം നൽകിയ തുക പ്രവൃത്തിയുടെ അളവെടുത്ത അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 സിമന്റ് പ്ലാസ്റ്ററിങ് - അധിക തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം രണ്ടാം ഘട്ടം (196/21) എന്ന പ്രവൃത്തിയുടെ ഇനം 15 ആയി 952.48$m^2$ സിമന്റ് പ്ലാസ്റ്ററിങ് ചെയ്തതിന് കരാറുകാരന് തുക നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി യഥാർത്ഥത്തിൽ ചെയ്തത് 887.55$m^2$ മാത്രമാണ്.

അളവ് പുസ്തകം 123/17-18 പേജ് 60 ൽ പ്ലാസ്റ്ററിങ് പ്രവൃത്തി ചെയ്തതായി രേഖപ്പെടുത്തിയ 771.68$m^2$ എന്ന അളവിന് പകരം 836.61$m^2$ എന്ന് രേഖപ്പെടുത്തി തുക നൽകിയത് കാരണമാണ് അധിക തുക നൽകാനിടയായത്. ആകെ അളവിൽ നിന്ന് വാൾ ടൈൽ ചെയ്ത ഭാഗം 64.93$m^2$ കുറവ് ചെയ്ത് അനുവദനീയമായ അളവ് 771.68$m^2$ എന്ന് അളവെടുത്ത് അസിസ്റ്റന്റ് എഞ്ചിനീയർ പേജ് 60 ൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. (അളവ് പുസ്തകം 113/17-18പേജ് 2പ്രകാരം 115.87$m^2$ പ്രവൃത്തി കൂടി ചെയ്തിട്ടുണ്ട്. ) അധിക തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | യഥാർത്ഥ അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|---|
| 1 | പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം രണ്ടാം ഘട്ടം (196/21)<br>ഫൈനൽ ബിൽ ചെക്ക് 1594052/18.9.2020 തുക 657719<br>കരാർ 43/13.12.2017<br>അളവ് പുസ്തകം 44/19-20, 190A/19-20, 113/17-18, 123/17-18, 80/17-18, 139/17-18, 190-17-18<br>കോൺട്രാക്ടർ ശ്രീ M.വേലായുധൻ<br>കോസ്റ്റ് ഇൻഡക്സ് 37.25% | 887.55$m^2$ | 237865<br>@250/$m^2$<br>952.48m2 (932.329 @250/m2 20.151 @237.37/$m^2$) | 221888<br>@250/$m^2$<br>887.55$m^2$ | 15977 |

ഓഡിറ്റ് എൻക്വയറി 9 /2020-21/28.6.2022 നൽകിയതിന് - അധിക തുക ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. അധികം നൽകിയ തുക പ്രവൃത്തിയുടെ ബിൽ തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

II.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പിടാവന്നൂർ നഴ്സറിക്ക് മുകളിൽ എസ്.സി.

കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം എന്ന പ്രവൃത്തിയുടെ ഇനം 18 ആയി 213.74$m^2$ സിമന്റ് പ്ലാസ്റ്ററിങ് ചെയ്ത തിന് കരാറുകാരന് തുക നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി യഥാർത്ഥത്തിൽ ചെയ്തത് 178.12$m^2$ മാത്രമാണ്.

പ്രവൃത്തിയുടെ ആകെ അളവ് കണക്കാക്കിയപ്പോൾ ജനൽ , വാതിൽ എന്നീ ഓപ്പൺ സ്പെയ്സ് അളവ് മുഴുവൻ കുറവ് ചെയ്യാതിരുന്നത് കാരണമാണ് അധിക തുക നൽകാനിടയായത്. 28.6.2022 ന് ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ പ്രവൃത്തി നേരിൽ സന്ദർശിച്ചപ്പോൾ ഇക്കാര്യം വ്യക്തമായി. സ്ഥല പരിശോധന റിപ്പോർട്ടിൽ ഇക്കാര്യം അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്. അധിക തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | യഥാർത്ഥ അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|---|
| 1 | പിടാവന്നൂർ നഴ്സറിക്ക് മുകളിൽ എസ്.സി. കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം ( 153/21)<br>ഫൈനൽ ബിൽ 3/20.4.2020 തുക 176579<br>കരാർ 4/28.7.2018<br>പുതുക്കിയ സാങ്കേതികാനുമതി 1350000<br>ആകെ മൂല്യ നിർണ്ണയം 1138200<br>അളവ് പുസ്തകം 145/17-18, 172/17-18, 189/17-18<br>കോൺട്രാക്ടർ ശ്രീ.ഷാലു. ടി.വി<br>DSR2016കോസ്റ്റ് ഇൻഡക്സ് 37.25% | 178.12$m^2$ | 42748<br>@200/$m^2$<br>213.74$m^2$ | 35624<br>@200/$m^2$<br>178.12$m^2$ | 7124 |

| കുറവ് ചെയ്യാൻ വിട്ട് പോയ അളവ് |
|---|
| എൻട്രൻസ് 2*3.03*2.13= 12.91 |
| മൂന്ന് കള്ളി ജനൽ 2*3*1.47*1.35= 11.91 |
| രണ്ട് കള്ളി ജനൽ 2*4*1*1.35= 10.8 |
| ആകെ 35.62 |

ഓഡിറ്റ് എൻക്വയറി 15 /2020-21/28.6.2022 നൽകിയതിന് - അധിക തുക ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. അധികം നൽകിയ തുക പ്രവൃത്തിയുടെ ബിൽ അളവെടുത്ത അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 2020-21 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് | 560000 | 221/21-ലൈഫ് | 560000 | 0 |

| | | | | |
|---|---|---|---|---|
| പഞ്ചായത്ത് | | എസ് സി ഭവന പദ്ധതി | | |
| | 300000 | 17/21- ഭിന്നശേഷി സ്കോളർഷിപ്പ് | 300000 | 0 |
| | 400000 | 102/21- ശുചിത്വമഹത്വം സുജ്ജീവതം | 400000 | |
| ആകെ | 1260000 | | 1260000 | |
| ജില്ലാ പഞ്ചായത്ത് | 1000000 | 69/21-സമഗ്ര നെൽകൃഷി വികസനം | 1000000 | 0 |
| | 240000 | 43/21- ലൈഫ് ഭവന പദ്ധതി പി എം എ വൈ | 240000 | 0 |
| | 300000 | 17/21- ഭിന്നശേഷി സ്കോളർഷിപ്പ് | 300000 | 0 |
| ആകെ | 1540000 | | 1540000 | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം./ ബിൽ/ചെക്ക് നം. | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | 166/21- പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2200130190/11.04.2020-280000/- 2200130189/11.04.2020-90000 | 370000 | 0 | ലഭ്യമല്ല | 370000 |
| | 182/21- പഞ്ചായത്തിലെ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2200130191/11.04.2020-300000/- 2200130188/11.04.2020-100000/- | 400000 | 400000 | പൂർത്തീകരിച്ച | 0 |
| കെ.എസ്.ഇ.ബി | 184/21- സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 2200130195/11.04.2020-300000/- 2200130194/11.04.2020-400000/ 22013113995/22.03.2021-400000/- | 1100000 | 1100000 | പൂർത്തീകരിച്ച | 0 |
| | 205/21-സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 2200737455/25.05.2020-1000000 2200737525/25.05.2020-1282262 | 2282262 | 2282262 | പൂർത്തീകരിച്ച | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | തൻ വർഷം ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാനം ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 01 | ലൈഫ് പദ്ധതി | 2278/LSGD Dated 18.08.2018 | 2060000 | 18565294 | 1273294 | | 19352000 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 838/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2018-19 | 1-17 | 838 | ശ്രീമതി.എം കെ സീമന്തിനി,ഹെഡ്മിസ്ട്രസ് | 12001032914/08.02.2021 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997 മുതൽ 2001-02 വരെയുള്ള സ്പെഷ്യൽ റിപ്പോർട്ട് | 2 | 2003-04 | 3.10.2.1 | ധനാപഹരണ നഷ്ടം- 36218.46 രൂപ | പരാമർശം നിലനിൽക്കുന്നു. |
| 1997-02 സ്പെഷ്യൽ റിപ്പോർട്ട് | 12 | 2003-04 | 3.10.2.4 | ടാകൂർ വാടക ഈടാക്കിയില്ല ,നഷ്ടം-114240 രൂപ | പരാമർശം നിലനിൽക്കുന്നു. |
| 1997-02 സ്പെഷ്യൽ റിപ്പോർട്ട് | 18 | 2003-04 | 3.10.2.5 | പൂർത്തിയാക്കിയ പ്രവൃത്തിക്ക് തുക വീണ്ടും ചെലവഴിച്ചു. നഷ്ടം-151115 രൂപ | പരാമർശം നിലനിൽക്കുന്നു. |
| 1997-02 സ്പെഷ്യൽ റിപ്പോർട്ട് | 69 | 2003-04 | 3.10.2.2 | മെതിയന്ത്രം വാങ്ങിയത് പാഴ്ച്ചെലവ് -നഷ്ടം 101882 രൂപ. | പരാമർശം നിലനിൽക്കുന്നു. |
| 1997-02 സ്പെഷ്യൽ റിപ്പോർട്ട് | -- | 2003-04 | 3.10.2.6 | ചെലവ് രേഖകൾ ഇല്ല, തടസ്സം- 3709786 രൂപ. | പരാമർശം നിലനിൽക്കുന്നു. |
| 2014-15 | 2(1) | 2016-17 | - | തൊഴിൽ നികുതി | പരാമർശം നിലനിൽക്കുന്നു. |
| 2015-16 | 2(2) | 2016-17 | - | തൊഴിൽ നികുതി | പരാമർശം നിലനിൽക്കുന്നു. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം | ചാർജ് /സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി യിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാര ങ്ങളിൽ | | ആകെ ലഭിച്ച തുക | അവശേഷി ക്കുന്ന തുക/ബാധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|
| | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1997-98 To 2001-02 | 47 | കെ.വി വിന്ധ്യൻ സെക്രട്ടറി | LF6068/Spl Cell/Sc5 /05/5.1.09 | 2400 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 0 | 2400 | WP(C)13888/09/ തിയതി 21.05.09 |
| 97-98 To 2001-02 | 12 | കെ.വി വിന്ധ്യൻ സെക്രട്ടറി | LF 6068/ Spl.cell/ SC5/05 16.10.08/ 24.10.08 | 114240 | - | - | - | - | - | 114240 | WP(C)13888/09/ തിയതി 21.05.09 |
| 97-98 To 2001-02 | 70(2) 73(5) 73(7) 86(1),(2) 100(1), 101(2) 103(3) 107(2) 108 & 130 | കെ.വി വിന്ധ്യൻ സെക്രട്ടറി | LF 6068/ Spl.cell/ SC5/05 16.10.08/ 24.10.08 | 67294 | - | - | - | - | - | 67294 | WP(C)13888/09/ തിയതി 21.05.09 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം.

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 76291676.5 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 90499412.5 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 74120 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 10499152 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | 0 | 34719 | Rs. 17359 ശ്രീ. എം.വി. രാജൻ , അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ<br>Rs. 17360 ശ്രീമതി. സുലജ.പി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | 0 | 16300 | ശ്രീ. ജയദേവൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 (1) | | 15977 | Rs. 7988 ശ്രീ. എം.വി. രാജൻ , അസിസ്റ്റന്റ് എക്സിക്യൂട്ടീവ് |

| | | | |
|---|---|---|---|
| | | | എഞ്ചിനീയർ<br>Rs. 7989 ശ്രീമതി. സുലജ.പി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3(2) | | 7124 | Rs. 3562 ശ്രീ. വാസു. ടി.പി , അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ<br>Rs. 3562 ശ്രീമതി സുലജ.പി, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | | 74120 | |

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 131203 | ശ്രീമതി. മുബീന എം കെ,<br>ഐ സി ഡി എസ് സൂപ്പർവൈസർ |
| 1-19 | 9646163 | ശ്രീ.മണികണ്ഠൻ.ടി ,സെക്രട്ടറി |
| 1-22 | 721786 | ശ്രീ.മണികണ്ഠൻ.ടി ,സെക്രട്ടറി |
| ആകെ | 10499152 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി സുലജ.പി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ മൈമപ്പാറ ഗ്രാമ പഞ്ചായത്ത് | കുറുമ്പത്ത് ഹൗസ്, ഉമ്പമൺ പി.ഒ,<br>പത്തനംതിട്ട |
| ശ്രീ.മണികണ്ഠൻ.ടി ,സെക്രട്ടറി | സെക്രട്ടറി, പുന്നയൂർക്കുളം ഗ്രാമ പഞ്ചായത്ത് | പാണക്കാട്ട്<br>പെരുമ്പടപ്പ്<br>679580 |
| ശ്രീ. ജയദേവൻ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, നന്നമുക്ക് ഗ്രാമ പഞ്ചായത്ത് | പന്നിക്കാട്ട് വടക്കേതിൽ<br>മൂക്കുതല<br>679574 |
| ശ്രീമതി.വിനിതകുമാരി. വി. ഹെഡ്മിസ്ട്രസ്. | റിട്ടയേർഡ് | ഉമ്മീലനം<br>കാലടി<br>കണ്ടനകം<br>679582 |
| ശ്രീമതി. വൃന്ദ.കെ. | | കൊണ്ടകത്ത് വീട്, കടവല്ലൂർ |

| | | (പി.ഒ), മലപ്പുറം -680543 |
|---|---|---|

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | എൽ.എഫ്.എം.14/890/01 തിയ്യതി: 06.07.2002 | 9 | |
| 1997-98 മുതൽ 2001-02 വരെ (സ്പെഷ്യൽ റിപ്പോർട്ട്) | എൽ.എഫ്.എം.4/1128/03 തിയ്യതി: 03.01.2004 | 88 | |
| 2002-03 | എൽ.എഫ്.എം.15/2299/08 തിയ്യതി: 29.5.2009 | 4 | |
| 2003-04 | എൽ.എഫ്.എം.15/930/11 തിയ്യതി: 22.03.2012 | 26 | |
| 2004-05 | എൽ.എഫ്.എം.15/930/11 തിയ്യതി: 22.03.2012 | 21 | |
| 2005-06 | എൽ.എഫ്.എം.15/790/2010 തിയ്യതി: 10.07.2012 | 6 | |
| 2006-07 | എൽ.എഫ്.എം.15/791/10 തിയ്യതി: 20.06.2012 | 13 | |
| 2007-08 | എൽ.എഫ്.എം.18/669/2011 തിയ്യതി: 18.02.2012 | 18 | |
| 2008-09 | എൽ.എഫ്.എം.18/669/2011 തിയ്യതി: 25.12.2012 | 7 | |
| 2009-10<br>2010-11 | എൽ.എഫ്.എം.24/247/14 തിയ്യതി: 05.12.2014 | 10 | |
| 2011-12, 2012-13 | എൽ.എഫ്.എം.24/2163/14 തിയ്യതി: 23-09-2016 | 25 | |
| 2013-14,2014-15 | നം .കെ.എസ്.എ.എം.പി.എം.24/1924/2016 തീയ്യതി 05/08/2016 | 13 | |
| 2015-16 | കെ.എസ്.എ.എം.പി.എം.24/54/2017 തീയതി.07.02.2017 | 25 | |
| 2016-17 | നം.കെ.എസ്.എ.എം.പി.എം.16/2219/2017 തീയതി.13.11.2017 | 17 | |
| 2017-18 | നം.കെ.എസ്.എ.എം.പി.എം.16/1283/2018 തീയതി.03.07.18 | 8 | |
| 2018-19 | നം.കെ.എസ്.എ.എം.പി.എം.16/227/20 തീയതി 11.5.20 | 16 | |
| 2019-20 | നം.കെ.എസ്.എ.എം.പി.എം.16/567/21 തീയതി 27.3.21 | 32 | |

ഡെപ്യൂട്ടി ഡയറക്ടർ

മലപ്പുറം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ നന്നംമുക്ക് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ നന്നംമുക്ക് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്